# പ്രകാശിക്കട്ടെ!

ഫാദർജി

കാൽവറി ബലിയ്ക്കായ് യെരുശലേമിലേയ്ക്കു പോകുന്നതിന് മുമ്പ് അന്ത്യയാത്രാമൊഴി ക്രിസ്തു ശിഷ്യൻന്മാരോട് പറഞ്ഞു.

'നിങ്ങളുടെ സന്തോഷം പൂർണ്ണമാകുവാനായി ഞാനിതു പറയുന്നു'.

യാതനാപൂർണ്ണമായ മരണത്തിന് ഒരുങ്ങുന്നതിനു തൊട്ടുമുമ്പു പോലും മറ്റുള്ളവർക്ക് സന്തോഷവും പ്രത്യാശയും പകർന്നുകൊടുക്കുവാനായിരുന്നു ക്രിസ്തു ആഗ്രഹിച്ചത്.

യായീറോസിന്റെ ഭവനത്തിലും ലാസറിന്റെ ശവക്കല്ലറയിലും ഓടിയെത്തി ദുഃഖാവൃതമായ അന്തരംഗങ്ങളിൽ പ്രത്യാശയുടെ സൂര്യനായുദിച്ചു നിന്ന ആ കരുണാമയൻ.

കേൾക്കാൻ ചെവിയുള്ളവനായി, പങ്കിടുവാൻ മനസുള്ളവനായി ദുഃഖിതരുടെ മുമ്പിൽ സാന്ത്വനസ്പർശനവുമായി ഓടിയെത്തിയ ദൈവപുത്രൻ സ്വകാര്യ ദുഃഖങ്ങൾ പങ്കുവച്ചതായി സുവിശേഷങ്ങളിലില്ല. അവനെ കണ്ടവർക്കെല്ലാം ആശ്വാസവും ആത്മനിർവൃതിയുമായിരുന്നു.

പതിമൂന്നു വയസ്സുള്ള ക്യാൻസർ രോഗിയായ റോമ്പിൻ മരിക്കുന്നതിനു മുമ്പ് കുടുംബത്തിലെ കഴിഞ്ഞകാല സന്തോഷാനുഭവങ്ങളുടെ ലിസ്റ്റ് ഉണ്ടാക്കി മാതാപിതാക്കൾക്ക് നൽകി.

എന്തിന്?

അവരെ സന്തോഷിപ്പിക്കുവാൻ!

നമുക്കുമില്ലേ ഈ നിയോഗം? അതിനു നാം ശ്രമിക്കാറുണ്ടോ?

മറ്റുള്ളവരെ സന്തോഷിപ്പിക്കുക, നമ്മളെക്കുറിച്ചോർക്കുമ്പോൾ നന്മ നിറഞ്ഞ നല്ല അനുഭവങ്ങൾ അവരുടെ മനസിലുണ്ടാവുക.... ഈ ജീവിതം കൊണ്ട് നേടാവുന്ന വലിയ സുകൃതങ്ങളാണിവ.

അന്ത്യന്യായവിധിയിൽ നമ്മുടെ ബാലൻസ്ഷീറ്റിൽ ദൈവം ശ്രദ്ധിക്കുന്ന ഒരു പ്രത്യേക അക്കൗണ്ടുണ്ട്. നാം മറ്റുള്ളവരുടെ ഹൃദയത്തിൽ നിക്ഷേപിച്ച സന്തോഷം. അതിനുള്ള പ്രതിഫലം വളരെ വലുതാണ്. സ്വാർത്ഥമോഹങ്ങളും പ്രതിഫലേച്ഛയുമില്ലാതെ വിശന്നവർക്കും തടവിലായവർക്കും നൽകിയ സ്നേഹ ശുശ്രൂഷയ്ക്ക് പ്രതിഫലമായി ദൈവം നൽകുവാൻ പോകുന്നത് സ്വർഗ്ഗമാണ്. ദൈവത്തോടൊത്തുള്ള നിത്യവാസം.

മറ്റുള്ളവർക്ക് മുള്ളും മുറിവും കൊടുത്തവർക്ക് നിത്യനിരാശയുടെ നരകം കൊടുക്കുവാനും മുഖപക്ഷമില്ലാത്ത ന്യായധിപൻ മടിക്കില്ല.

മുറിവേല്പിക്കുന്നവരുടെയും ഹൃദയം തകർക്കുന്നവരുടെയും ലോകത്തിൽ സന്തോഷവും ശാന്തിയും പകരുന്നവർ സാന്ത്വനത്തിന്റെ മരുപ്പച്ചകളാണ്. അവരുടെ വാക്കുകൾ ആ നേരിയ മുറിവുണക്കുന്ന ദിവ്യാമൃതാണ്.

ഹൃദയത്തിൽ സ്നേഹമുള്ളവർക്ക് മാത്രമേ നന്മയും നല്ലതും നൽകുവാൻ കഴിയൂ എന്നാണ് സെന്റ് പോൾസ് പറയുന്നത്.

'......സ്നേഹം നിറഞ്ഞവർ നിഗളിക്കുന്നില്ല, അയോഗ്യമായി നടക്കുന്നില്ല, സ്വാർത്ഥം അന്വേഷിക്കുന്നില്ല, ദേഷ്യപ്പെടുന്നില്ല, ദോഷം കണക്കിടുന്നില്ല. അനീതിയിൽ സന്തോഷിക്കാതെ സത്യത്തിൽ സന്തോഷിക്കുന്നു. അവരെല്ലാം പൊറുക്കുന്നു., എല്ലാം വിശ്വസിക്കുന്നു, എല്ലാം പ്രത്യാശിക്കുന്നു, എല്ലാം സഹിക്കുന്നു......'

എത്ര അത്ഭുതമാണീ സ്നേഹത്തിന്റെ ശക്തി!

വേദനിക്കുന്നവർക്ക് ഊഷ്മളാനുഭവങ്ങൾ പകരാൻ മനസ്സിൽ സ്നേഹത്തിന്റെ അമൃതസരസ്സു നിറയ്ക്കാൻ സ്നേഹ സമുദ്രമായ ദൈവത്തോട് പ്രാർത്ഥിച്ചുകൊണ്ട് ഈ പുതുവർഷം തുടങ്ങിയാലോ?

Let Your light 30 Shine before men,
that they may see your good works
and glorify you father in heaven-
Matt. 5:16

Fatherge